# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2955 — 20.03.2015- ൽ മറുപടിക്ക്

## ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; | (എ) | 2014 ജനവരി മുതൽ 2015 ഫെബ്രുവരി 28 വരെ 99 റോഡപകടങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 14 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്. വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. അപകട സാധ്യത കൂടിയ കോട്ടൂർ എന്ന സ്ഥലത്ത് ഹമ്പുകൾ നിർമ്മിക്കുകയും ചെർക്കള മുതൽ പഞ്ചിക്കൽ വരെയുള്ള റോഡിൽ ഡിവൈഡറുകൾ, ക്വാഷനറി സൈൻ ബോർഡുകൾ, ഇരുമ്പു വേലികൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിന് ഡ്രൈവർമാർക്കും, വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും ട്രാഫിക് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (സി) | പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾക്കായി 21.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കാസർഗോഡ് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ